**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **14-09-2023 - ൽ മറുപടിയ്ക്ക്**

**സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനുള്ള വിദ്യാഭ്യാസ, ഗവേഷണ, പരിശീലന പരിപാടികൾ വിശദമാക്കാമോ; | (എ) | സഹകരണ മേഖലയിലെ വിദ്യാഭ്യാസ ഗവേഷണ പരിശീലന പരിപാടികൾ സംസ്ഥാന സഹകരണ യൂണിയൻ, ഇൻസ്റ്റിട്യൂട്ട് ഓഫ് കോപ്പറേറ്റീവ് മാനേജ്മെന്റ് (ICM), കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (CAPE), കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ട്രെയിനിംഗ് മാനേജ്മെന്റ് (KSCARDB), അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിൽ (ASCTI) എന്നിവയുടെ ആഭിമുഖ്യത്തിലാണ് നടത്തി വരുന്നത്. ഇത് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. ഇതിനു പുറമേ സഹകരണവകുപ്പിലെ ഉദ്യോഗസ്ഥർക്ക് സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ ട്രെയിനിംഗ് സെന്റർ മുഖേന വിവിധ വിഷയങ്ങളിൽ പരിശീലനം നൽകിവരുന്നു.<br><br>**1.കേരള സംസ്ഥാന സഹകരണ യൂണിയൻ**<br><br>സംസ്ഥാന സഹകരണ യൂണിയന് കീഴിലുള്ള സഹകരണ വിദ്യാഭ്യാസ ഇൻസ്ട്രക്ടർമാർ, കിക്മ കണ്ടിന്യൂയിംഗ് എഡ്യൂക്കേഷൻ &ട്രെയിനിംഗ് വിംഗ് എന്നിവയുടെ നേതൃത്വത്തിൽ പ്രൊഫഷണൽ മാനേജ്മെന്റിൽ അധിഷ്ഠിതമായ ട്രെയിനിംഗ് പ്രോഗ്രാമുകൾ സംഘടിപ്പിച്ചു വരുന്നുണ്ട്.<br><br>ഇത്തരത്തിലുള്ള നൂതന പരിശീലന പരിപാടികൾ വഴി സഹകരണ ബാങ്കിംഗ് മേഖലയിൽ ആധുനികവൽക്കരണവും, പ്രൊഫഷണൽ മാനേജ്മെന്റും, വൈദഗ്ദ്യവും വർദ്ധിപ്പിക്കാനുള്ള വഴികൾ സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്നുണ്ട്.<br><br>2.**കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്** |

കേരള സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്കിന്റെ കീഴിലുള്ള ITM-ൽ കാർഷിക ഗ്രാമ വികസന ബാങ്കിലെ ജീവനക്കാർക്കും,സഹകരണ വകുപ്പിലെ ജീവനക്കാർക്കും, ഭരണസമിതി അംഗങ്ങൾക്കുമായി പ്രത്യേക പരിശീലന പരിപാടികൾ സംഘടിപ്പിച്ചു വരുന്നു.

**3.അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിങ് ഇൻസ്റ്റിറ്റ്യൂട്ടിൽ (ACSTI)**

സഹകരണ മേഖലയിലെ വിദ്യാഭ്യാസ, ഗവേഷണ, പരിശീലന പരിപാടികൾ ശക്തിപെടുത്തുന്നതിന്റെ ഭാഗമായി അഗ്രികൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI) ൽ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലെയും ഇതര സഹകരണ സംഘങ്ങളിലെയും ജീവനക്കാർക്കും ഭരണസമിതി അംഗങ്ങൾക്കും വേണ്ടിയുള്ള പരിശീലന പരിപാടികൾ നടത്തുന്നു. സഹകരണ വകുപ്പ് ജീവനക്കാർക്ക് ആഡിറ്റ് പരിശോധന കൂടുതൽ കാര്യക്ഷമമാക്കുന്ന-തിനാവശ്യമായ ടീം ആഡിറ്റ് പരിശീലനവും സംഘടിപ്പിച്ചിട്ടുണ്ട്. സഹകരണ മേഖലയിലെ സമീപകാലത്തെ ഒട്ടനവധി പ്രതിസന്ധികളെ തരണം ചെയ്യുന്നതിനാവശ്യമായ ഗൗരവമായ പഠനവും ഗവേഷണവും നടത്തുന്നതിന് ആവശ്യമായ ഗവേഷണ കേന്ദ്രം, വിപുലമായ ലൈബ്രറി, കംപ്യൂട്ടർ ലാബുകളും ഉൾപ്പെടെ സ്ഥാപിച്ച് നടപ്പാക്കുന്നതിന്റെ പ്രാരംഭ നടപടികളും ആരംഭിച്ചിട്ടുണ്ട്.

**4. കോ-ഓപ്പറേറ്റീവ് അക്കാഡമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷൻ (കേപ്പ്)**

സഹകരണ മേഖലയിൽ (സഹകരണ ബാങ്ക്, സഹകരണ സംഘം) സൂപ്രവൈസറി, മിനിസ്റ്റീരിയൽ, സബ് സ്റ്റാഫ് എന്നീ വിഭാഗത്തിലുള്ള ജീവനക്കാർക്ക് സഹകരണ നിയമം (റൂൾ 185(1) ) പ്രകാരം പരിശീലന പരിപാടികൾ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മേക്കിംഗ് ദ ബെസ്റ്റ് (KIMB) ന്റെ നേതൃത്വത്തിൽ (നിലവിലെ(SKDC))നടത്തിയിട്ടുണ്ട്. SKDC-യുടെ നേതൃത്വത്തിൽ സൂപ്രവൈസറി വിഭാഗം ജീവനക്കാർ,മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ, സബ് സ്റ്റാഫ് വിഭാഗം ജീവനക്കാർ എന്നിവർക്ക് പരിശീലന പരിപാടികൾ നൽകിവരുന്നു.

സഹകരണ ബാങ്കുകൾ, ഇതര സഹകരണ സ്ഥാപനങ്ങൾ എന്നിവയുടെ ഭരണകർത്താക്കൾക്ക് മതിയായ പരിശീലനം നൽകുന്നതിനുള്ള ഒരു പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

**5.ഐ.സി.എം ,തിരുവനന്തപുരം**

ബാങ്കിംഗ് മേഖലയിലെ മത്സരം കണക്കിലെടുത്ത്, സഹകരണ ബാങ്കുകൾക്കുള്ള പരിശീലന പരിപാടിയിൽ അവരവരുടെ പ്രവർത്തനമേഖലയിൽ പ്രൊഫഷണലിസം നൽകാൻ രൂപകൽപ്പന ചെയ്തിട്ടുള്ളതാണ്. പരിശീലനത്തിൽ സഹകരണ മേഖലയിലെ ജീവനക്കാർക്കായി മൂന്നുതലത്തിലുള്ള പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്

1.സൂപ്പർ വൈസറി ലെവൽ : പ്രൊഫഷണൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (6 ദിവസം)

2.മിനിസ്റ്റീരിയൽ ലെവൽ: കരിയർ ഡെവലപ്പ്മെന്റ് പ്രോഗ്രാം (5 ദിവസം)

3.സബ് സ്റ്റാഫ് ലെവൽ: സ്കിൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം (3 ദിവസം)

ഡയറക്ടർ ബോർഡ് അംഗത്തിന് ബിസിനസ്സ് ഡെവലപ്പ്മെന്റ്, ലീഡർഷിപ്പ് ഡെവലപ്പ്മെന്റ്, ബിസിനസ്സ് ഡൈവേഴ്സിഫിക്കേഷൻ മാനേജ്മന്റ് ഡെവലപ്പ്മെന്റ്, ആധുനിക ബിസിനസ്സ് രീതികൾ എന്നിവയിൽ വിവിധ പരിശീലന പരിപാടികൾ നടത്തുന്നു.

സൊസൈറ്റികളിലെ ജീവനക്കാർക്ക് അവരുടെ ആവശ്യങ്ങൾക്കനുസരിച്ച് ഗോൾഡ് അപ്രൈസലും,വ്യാജനോട്ട് കണ്ടെത്തലും, ജി.എസ്.ടി.യും ആദായനികുതിയും, ബാലൻസ് ഷീറ്റ് വിശകലനവും ഫണ്ട് മാനേജമെന്റും, ബാങ്കിംഗിലെ ഇൻഫർമേഷൻ ടെക്നോളജി തുടങ്ങി വിവിധ പ്രത്യേക പ്രോഗ്രാമുകളും ചെയ്യുന്നു

**6.ഐ.സി.എം, കണ്ണൂർ**

ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് കണ്ണൂർ സഹകരണ ബാങ്കിംഗ് മേഖലയെ പ്രൊഫഷണൽ കാര്യനിർവ്വഹണാടിസ്ഥാനത്തിൽ മത്സരാധിഷ്ഠിതമാക്കുന്നതിന് വിവിധങ്ങളായ വിദ്യാഭ്യാസ – പരിശീലന പരിപാടികൾ നടത്തുന്നു.

**ഭരണസമിതി**

I സഹകരണ വായ്പാ മേഖലയിലെ വിവിധ സഹകരണ സംഘങ്ങളുടെ ഭരണ സമിതി അംഗങ്ങളേയും, അദ്ധ്യക്ഷൻമാരേയും പ്രൊഫഷണൽ കാര്യനിർവ്വഹണശേഷി വർദ്ധിപ്പിക്കുന്നതിന് ഹ്രസ്വകാല പരിശീലന പരിപാടികൾ നടത്തുന്നുണ്ട്.

| | | | |
|---|---|---|---|
| | | | a) നബാർഡിന്റെ നിർദ്ദേശാനുസരണം നഷ്ടത്തിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾക്ക് ലാഭത്തിൽ പ്രവർത്തിക്കുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിനുള്ള പഠനശിബിര മാതൃകയിലുള്ള പരിശീലനം നടത്തുന്നുണ്ട്.<br><br>b)സഹകരണ ബാങ്കിംഗ്/ വായ്പാ സംഘങ്ങളുടെ വിപണന തന്ത്രം ശാക്തീകരിക്കുന്നതിന് വേണ്ടിയുള്ള പരിശീലനപരിപാടികൾ നടത്തി വരുന്നു.<br><br>c)സഹകരണ ബാങ്കിംഗ്/വായ്പാ സംഘങ്ങളുടെ ബിസിനസ്സ് വൈവിദ്ധ്യവൽക്കരണത്തിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>d) സഹകരണ ബാങ്കിംഗ്/സംഘങ്ങളുടെ കാര്യക്ഷമമായ ഫണ്ട് മാനേജ്മെന്റ് ഉറപ്പാക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നു.<br><br>**<u>ജീവനക്കാർ</u>**<br><br>I)സഹകരണ ബാങ്കിംഗ്/വായ്പാ സഹകരണ ബാങ്ക്/ സംഘങ്ങളിലെ ജീവനക്കാർക്ക് വിവിധ പരിശീലന പരിപാടിയിലൂടെ പ്രൊഫഷണൽ കാര്യനിർവ്വഹണ ശേഷി വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി പ്രൊഫഷണൽ ഡെവലപ്പ്മെന്റ് പ്രോഗ്രാം, കരിയർ ഡെവലപ്പമെന്റ് പ്രോഗ്രാം,സ്കിൽ ഡെവല്പ്മെന്റ് പ്രോഗ്രാം എന്നിവ സംഘടിപ്പിക്കുന്നു. |
| (ബി) | സഹകരണ വകുപ്പിന്റെ ആധുനികവല്കരണം ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ; | (ബി) | **<u>1. ICDMS (Integrated Co-operative Department Management System)</u>**<br><br>സഹകരണ വകുപ്പിന്റെ ആധുനിക വത്ക്കരണത്തിന്റെ ഭാഗമായി ICDMS (Integrated Co-operative Department Management System) പദ്ധതി പ്രകാരം സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ - ബൈലോ ഭേദഗതി, ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ,ആഡിറ്റ് മോഡ്യൂൾ എന്നീ 3 സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കിയിട്ടുണ്ട്.<br><br>സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷൻ,ബൈലാ ഭേദഗതി എന്നിവയ്ക്കുള്ള അപേക്ഷകൾ പൊതു ജനങ്ങൾക്ക്/സഹകരണ സംഘങ്ങൾക്ക് തന്നെ നേരിട്ട് ഓൺലൈൻ ആയി സമർപ്പിക്കുന്നതിനും, ആയതിനുള്ള ഫീസ് ട്രഷറി ഓൺലൈൻ പേയ്മെന്റ് ഗേറ്റ് വേ വഴി ഒടുക്കുന്നതിനും ആയത് രജിസ്റ്റർ ചെയ്ത് നൽകുന്നതും ICDMS ലൂടെയാണ്. |

സംസ്ഥാന/എൻ.സി.ഡി.സി പദ്ധതികളിൽ ഉൾപ്പെടുത്തി സഹകരണ സംഘങ്ങൾക്ക് അനുവദിക്കുന്ന ധനസഹായം സംബന്ധിച്ച മുഴുവൻ വിവരങ്ങളും ലഭ്യമാക്കുന്നതിനും ധനസഹായം അനുവദിച്ചതിനുശേഷം ടി തുകയുടെ തിരിച്ചടവ് കൃത്യമായി മോണിറ്റർ ചെയ്യുന്നതിലേക്കായിട്ടാണ് ഫണ്ട് മാനേജ്മെന്റ് മോഡ്യൂൾ തയ്യാറാക്കിയിട്ടുള്ളത്.

സഹകരണ സംഘങ്ങളുടെ ആഡിറ്റ് റിപ്പോർട്ട് സോഫ്റ്റ് വെയർ സംവിധാനത്തിൽ തയ്യാറാക്കി ഓൺലൈൻ ആയി ലഭ്യമാക്കുന്നതിനുള്ള മോഡ്യൂളിന്റെ സോഫ്റ്റ് വെയർ ഡെവലപ്മെന്റ് നടപടികൾ അന്തിമ ഘട്ടത്തിലാണ്.യൂസർ അക്സ്പ്റ്റൻസ് ടെസ്റ്റ് (UAT) നടപടികൾ പുരോഗമിക്കുന്നു.

**<u>2. Co-operative Audit Monitoring & Information System (CAMIS)</u>**

സഹകരണ ആഡിറ്റ് സുതാര്യവും കാര്യക്ഷമവുമാക്കുന്നതിനായി ICDMS പ്രോജക്ടിന്റെ ഭാഗമായി സഹകരണ സംഘങ്ങളുടെ ആഡിറ്റുമായി ബന്ധപ്പെട്ട് സഹകരണ ഓഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS) എന്ന ഓൺലൈൻ ആപ്ലിക്കേഷൻ തയ്യാറാക്കിയിട്ടുണ്ട്. സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും, മറ്റ് ഫങ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെയും അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും CAMIS ലൂടെ പൊതുജനങ്ങൾക്ക് ഉൾപ്പെടെ ഓൺലൈനായി www.camis.kerala.gov.in എന്ന പേജിലൂടെ ലഭ്യമാക്കിയിട്ടുണ്ട്.

**3. <u>സഹകരണ ഇലക്ഷൻ മാനേജ്മെന്റ് സിസ്റ്റം</u>**

സഹകരണസംഘങ്ങളുടെ ഇലക്ഷൻ നടത്തുന്നതിനുള്ള അപേക്ഷ ഓൺ ലൈനായി സമർപ്പിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതിനുള്ള സോഫ്റ്റ് വെയർ വികസിപ്പിക്കുകയും നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

**<u>4. ഇ-ആഫീസ്</u>**

സഹകരണ വകുപ്പിൽ ഡിജിറ്റൽ ഫയൽ മാനേജ്മെന്റ് സംവിധാനമായ ഇ-ഓഫീസ് നാഷണൽ ഇൻഫർമേറ്റിക് സെന്ററുമായി (എൻ.ഐ.സി) ചേർന്ന് നടപ്പിലാക്കിവരുന്നു. സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,സഹകരണ ആഡിറ്റ് ഡയറക്ടറേറ്റ്,എല്ലാ

| | | | |
|---|---|---|---|
| | | | ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ, എല്ലാ താലൂക്ക് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ)/ അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകൾ എന്നിവിടങ്ങളിൽ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്. സഹകരണ വകുപ്പിൽ സമ്പൂർണ്ണ ഇ-ആഫീസ് സംവിധാനം പൂർത്തീകരിച്ചതിന്റെ ഉദ്ഘാടനം 18/05/2022-ന് സഹകരണ വകുപ്പ് മന്ത്രി നിർവ്വഹിച്ചു.<br><br>**5. വെബ് സൈറ്റ്**<br><br>സഹകരണ വകുപ്പിന്റെ വെബ് സൈറ്റ് നവീകരണ പ്രവർത്തനങ്ങൾക്കായി സി-ഡിറ്റിനെ ചുമതലപ്പെടുത്തുകയും ആയത് പൂർത്തീകരിച്ചിട്ടുണ്ട്.<br><br>**6. പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ ഏകികൃത സോഫ്റ്റ്‌വെയർ**<br><br>സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 1607 പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിലും അവയുടെ ശാഖകളിലും ഏകീകൃത സോഫ്റ്റ് വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി 12.05.2022-ന് ടെക്നിക്കൽ ബിഡ് ഓപ്പൺ ചെയ്യുകയും തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നു. |
| (സി) | സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും നവീകരണവും ഗൗരവമായി നടപ്പിൽ വരുത്തുന്നതിന് പ്രത്യേക പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | സഹകരണ ഓഡിറ്റ് വിഭാഗത്തിന്റെ പുനരാവിഷ്കരണവും നവീകരണവും നടപ്പിൽ വരുത്തുന്നതിന്റെ ഭാഗമായി പൈലറ്റ് അടിസ്ഥാനത്തിൽ പത്തനംതിട്ട, തൃശ്ശൂർ എന്നീ ജില്ലകളിൽ ടീം ആഡിറ്റ് ആരംഭിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിൽ ടീം ഓഡിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.<br><br>1) സംസ്ഥാനമൊട്ടാകെ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി വകുപ്പിലെ എല്ലാ ആഡിറ്റർമാർക്കും തിരുവനന്തപുരം ജില്ലയിലെ അഗ്രിക്കൾച്ചറൽ കോ-ഓപ്പറേറ്റീവ് സ്റ്റാഫ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട് (ACSTI)-ൽ വച്ച് 2022 |

ഒക്ടോബർ മുതൽ ഡിസംബർ വരെ പരിശീലന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

2) ഓഡിറ്റ് നവീകരണത്തിന് 2023-24 ബഡ്ജറ്റിൽ 5 കോടി രൂപ വകയിരുത്തി യിട്ടുണ്ട്.

3) കേരളത്തിലെ സഹകരണ മേഖലയിൽ ടീം ആഡിറ്റ് നടപ്പിലാക്കുന്നതിന്റെ ഭാഗമായി പത്തനംതിട്ട, തൃശ്ശൂർ ജില്ലകളിലെ പൈലറ്റ് പദ്ധതിയ്ക്കായി രൂപപ്പെടുത്തിയ കൈപ്പുസ്തകം തയ്യാറാക്കി.

4) സഹകരണ സംഘങ്ങളുടെ പ്രവർത്തന മൂലധനം/ ആകെ വരുമാനം കണക്കാക്കി ഒരു ടീമിൽ മൂന്ന് ആഡിറ്റർമാർ എന്ന തരത്തിൽ ഡെപ്യൂട്ടി ഡയറക്ടർ ടീം, അസിസ്റ്റന്റ് ഡയറക്ടർ ടീം, സ്പെഷ്യൽ ഗ്രേഡ്/ സീനിയർ ആഡിറ്റർ ടീം എന്നിങ്ങനെയാണ് ടീം ആഡിറ്റ് പൈലറ്റ് പദ്ധതിയ്ക്കായി ടീമിന്റെ ഘടന തീരുമാനിച്ചിരിക്കുന്നത്.

5) വസ്തു ഈടുകളുടെ സാംമ്പിൾ തെരഞ്ഞുടുത്ത് ഭൗതിക പരിശോധന നടത്തുവാൻ ആഡിറ്റർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്.

6) ആഡിറ്റ് MATRIX–ന്റെ ഉപയോഗത്തിലൂടെ ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുവാനും റിപ്പോർട്ടിംഗ് മികവുറ്റതാക്കുവാനും റിസ്ക് കൂടിയ മേഖലകളിൽ കൂടുതൽ ശ്രദ്ധ ചെലുത്താനുമുള്ള പരിശീലനം ആഡിറ്റ് ഡയറക്ടറുടെ നേതൃത്വത്തിൽ കൊടുക്കുകയും ആയത് സംസ്ഥാനമൊട്ടാകെ നടപ്പിലാക്കുകയും ചെയ്തിട്ടിണ്ട്. ആഡിറ്റ് MATRIX–ൽ ആഡിറ്റ് സമയത്ത് ഉന്നയിക്കേണ്ട എല്ലാ ചോദ്യങ്ങളും ഉൾപ്പെട്ടിരിക്കും. ആഡിറ്റ് MATRIX ആഡിറ്റ് നോട്ടിനോടൊപ്പം റിപ്പോർട്ട് അംഗീകരിക്കുന്ന മേലധികാരിക്ക് സമർപ്പിയ്ക്കണം.

7) Entry Meeting, Exit Meeting, Draft Audit Memo, Audit para System, Compliance Register, Para Dropping എന്നിവ നടപ്പിലാക്കി.

8) പ്രതിമാസ നിക്ഷേപ പദ്ധതികളുടെ ആഡിറ്റ് ഏകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

9) അനുപാത വിശകലനം നടത്തി സംഘ ത്തിന്റെ സാമ്പത്തിക നില മനസ്സിലാക്കി സംഘങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകു ന്നതിന് ആഡിറ്റർമാർക്ക് ജില്ലാ ജോയിന്റ് ഡയറക്ടർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | 10) സഹകരണ ആഡിറ്റ് കമ്പ്യൂട്ടർവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>11) ആഡിറ്റ് ശക്തിപ്പെടുത്തുന്നതിന് ആവശ്യമായ ഭേദഗതികൾ സഹകരണ നിയമത്തിൽ ഉൾപ്പെടുത്താൻ ശുപാർശ നൽകിയിട്ടുണ്ട്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലും മറ്റ് ഫംഗ്ഷണൽ രജിസ്ട്രാർമാരുടെ നിയന്ത്രണത്തിലുമുള്ള കേരളത്തിലെ മുഴുവൻ സഹകരണ സംഘങ്ങളുടെ അടിസ്ഥാന വിവരങ്ങളും, ആഡിറ്റ് സംബന്ധിച്ച വിവരങ്ങളും സഹകരണ ആഡിറ്റ് മോണിറ്ററിംഗ് & ഇൻഫർമേഷൻ സിസ്റ്റം (CAMIS)-ത്തിലൂടെ ഓൺലൈനായി www.camis.kerala.gov.in എന്ന വെബ് സൈറ്റ് മുഖാന്തിരം പൊതുജനങ്ങൾക്ക് കാണുന്നതിനുള്ള സംവിധാനവും നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിന് സഹകരണ സംരക്ഷണ നിധി രൂപീകരിച്ചിട്ടുണ്ടോ; സഹകരണ സംരക്ഷണ നിധി രൂപീകരിച്ചതിന് ശേഷം ഈ രംഗത്ത് നടത്തിയ ഇടപെടലുകൾ വ്യക്തമാക്കാമോ? | (ഡി) | പ്രതിസന്ധിയിലായ സഹകരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സഹകരണ സംഘം പുനരുദ്ധാരണ നിധി പദ്ധതി എന്ന പേരിൽ ഒരു പദ്ധതി രൂപീകരിക്കുന്നതിന് തത്വത്തിൽ അനുമതി നൽകി 18.04.2023-ൽ സ.ഉ(സാധാ)നം.234/2023/ സഹ നമ്പരായി ഉത്തരവ് പുറപ്പെടുവിക്കുകയും ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ താഴെ പറയുന്നതാണ്.<br><br>വ്യക്തമായ പദ്ധതികളുടെ അടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ നിക്ഷേപം ഫലപ്രദമായി വിനിയോഗിക്കുക ഉചിതമായ നിർദ്ദേശങ്ങളുടെയും പദ്ധതികളുടെയും, അടിസ്ഥാനത്തിൽ സഹകരണ മേഖലയുടെ നിക്ഷേപ പദ്ധതികളെ പ്രോത്സാഹിപ്പിക്കുക,നന്നായി പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളെ ലാഭകരമായ വാണിജ്യ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും, വൈവിധ്യവൽക്കരണ പ്രവർത്തനങ്ങൾക്കും സഹായിക്കുക, പ്രവർത്തനക്ഷമമായി പദ്ധതികൾ/ സാധ്യതയുള്ള പദ്ധതികൾ എന്നിവയുടെ അടിസ്ഥാനത്തിൽ ദുർബല സഹകരണ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുക, പ്രവർത്തന മൂലധനത്തിന്റെ അഭാവം മൂലം പ്രവർത്തനങ്ങൾ മന്ദഗതിയിലായ സഹകരണ സംഘങ്ങളുടെ പുനരുജ്ജീവനം, അസാധാരണമായ പ്രവർത്തനങ്ങളാൽ പ്രവർത്തനം നിലച്ച സംഘങ്ങളുടെ പുനരധിവാസം എന്നിവയാണ് ഈ പദ്ധതിയിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ